## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1230 10.08.2017-ൽ മറുപടിയ്ക്ക്

### കെ.ഡി.എച്ച് വില്ലേജിലെ ഭൂമി

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.അനിൽ അക്കര | ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) 1975 ലെ ജി ഒ(എം എസ്) 993/75 റവ(എൻ) തീയതി 02/09/75 പ്രകാരം കണ്ണൻ ദേവൻ ഹിൽസ് വില്ലേജിൽ എത്ര പേർക്ക് ഭൂമി മാർക്കറ്റ് വിലയ്ക്ക് അല്ലെങ്കിൽ തറവിലയ്ക്ക് നൽകിയിട്ടുണ്ട്; | (എ) 1971-ലെ കണ്ണൻ ദേവൻ ഹിൽസ് (റിസംപ്ഷൻ ഓഫ് ലാൻഡ്സ്) ആക്ട് പ്രകാരം സർക്കാരിൽ നിക്ഷിപ്തമാക്കപ്പെട്ട ഭൂമിയുടെ ഉപയുക്തത . പരിശോധിക്കുന്നതിനും പ്രസ്തുത ഭൂമി ശരിയാംവണ്ണം ഉപയോഗപ്പെടുത്തുന്നതും സംബന്ധിച്ച് പഠിച്ച് ശുപാർശ ചെയ്യുന്നതിനായി 02.09.1975-ലെ ജി.ഒ(എം.എസ്) 993/75/റവ പ്രകാരം ഒരു വിദഗ്ധ സമിതിയെ നിയമിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി കണ്ടെത്തിയ 70,522 ഏക്കർ ഭൂമിയിൽ 2,870.15 ഏക്കർ ഭൂമി പൊതു ആവശ്യത്തിനുവേണ്ടി നീക്കി വയ്ക്കുവാനും 5,250 ഏക്കർ ഭൂമി പതിച്ചു നൽകുന്നതിനും ശേഷിക്കുന്നവ പതിവിന് യോഗ്യമല്ലാത്തതായും കണ്ടെത്തിയിരുന്നു. ഇപ്രകാരം കണ്ടെത്തിയ ഭൂമി മാർക്കറ്റ് വില/ തറവില ഈടാക്കി പതിച്ചു നൽകിയിട്ടില്ല. |

| | |
|---|---|
| (ബി) ആർക്കൊക്കെ എത്ര സെൻറ് ഭൂമി വീതമാണ് നൽകിയിട്ടുള്ളത് എന്ന് അറിയിക്കുമോ; | (ബി) ബാധകമല്ല |
| (സി) 1975 ലെ ഉത്തരവ് പ്രകാരം ഭൂമിക്ക് വേണ്ടി അപേക്ഷ തന്നിട്ടുള്ളവർ ആരൊക്കെയാണ്; ഇതിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; | (സി) അപേക്ഷകൾ ലഭിച്ചിട്ടില്ല. |
| (ഡി) 1975 ലെ എക്സ്പെർട്ട് കമ്മിറ്റി റിപ്പോർട്ട് പ്രകാരം മൂന്നാർ, ദേവികുളം എന്നിവിടങ്ങളിൽ ജനിച്ച് വളർന്നവർക്ക് ഭൂമി വിലയ്ക്ക് നൽകാനുള്ള ആലോചനയുണ്ടോ; | (ഡി) ഇല്ല. |
| (ഇ) ശ്രീ. എം.ജെ.ബാബു എന്നയാൾ നൽകിയ അപേക്ഷയിൽ ഇടുക്കി കലക്ടർ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ദേവികുളം തഹസിൽദാർ റിപ്പോർട്ട് നൽകാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നറിയിക്കാമോ? | (ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

Sindhya

**സെക്ഷൻ ഓഫീസർ**